1242684/C.1/17/H.Edn

പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1295 — 02.03.2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ അൺഎയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ. ഹൈബി ഈഡൻ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലും, അൺഎയ്ഡഡ് സ്കൂളിലും വിദ്യാർത്ഥികൾ അനുഭവിക്കുന്ന മനുഷ്യത്വരഹിതമായ പീഡനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെ സംബന്ധിക്കുന്ന പരാതികൾ ലഭിക്കുന്നുണ്ട്. പ്രവേശന സംബന്ധമായ പരാതികളാണ് കൂടുതലും. അമിത ഫീസ് ഈടാക്കുന്നതായ പരാതി, അറ്റൻഡൻസ് നൽകുന്നില്ല, എന്നുള്ള പരാതികളും നിലവിലുണ്ട്. പരാതികൾ പരിഹരിക്കുന്നതിനായി, അഡ്മിഷൻ കംപ്ലൈന്റ് റിഡ്രസ്സൽ കമ്മിറ്റി പ്രത്യേകം രൂപീകരിച്ച് പ്രവേശന സംബന്ധമായ പരാതികൾ പരിഹരിക്കുന്നുണ്ട്. അറ്റന്ഡൻസ് സംബന്ധമായ പരാതിയിന്മേൽ കോളേജ് പ്രിൻസിപ്പലിന്റെ വിശദീകരണം തേടിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. ചില സ്വശ്രയ ലോ കോളേജുകളിൽ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ലോ അക്കാഡമി ലോ കോളേജിലും, പാമ്പാടി നെഹ്റു കോളേജിലും, ടോംസ് കോളേജിലും വിദ്യാർത്ഥികൾക്ക് നേരെ നടന്ന മാനേജ്മെന്റിന്റെ അതിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഇതിന് പരിഹാരമുണ്ടാക്കാനായി ഓംബുഡ്സ്മാനെ നിയമിക്കുന്ന കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വശ്രയ കോളേജുകളെക്കുറിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിയ്ക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | സ്വാശ്രയ മെഡിക്കൽ കോളേജുകളെ നിയന്ത്രിക്കുന്നതിന് മദ്ധ്യപ്രദേശ് സർക്കാർ കൊണ്ടുവന്ന നിയമം സാധുവാണെന്ന് സുപ്രീം കോടതി വിധിച്ച സാഹചര്യത്തിൽ പ്രസ്തുത നിയമത്തിനനുസൃതമായ നിയമനിർമ്മാണം കേരളത്തിലും അടിയന്തരമായി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ